0022864

GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY

K19P 1435

Reg. No. : ...............................
Name : ..................................

**I Semester M.A. Degree (CBSS - Reg./Suppl./Imp.) Examination, October - 2019**
**(2014 Admission Onwards)**
**Malayalam Language and Literature**
**MAL 1C05 : Malayalam Literary Criticism**

സമയം : 3 മണിക്കൂർ | മാർക്ക് : 80

**I.** രണ്ടു പുറത്തിൽ കവിയാതെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **(5×4=20)**

1. ആധുനിക മലയാള കവിത വൃത്തശാസ്ത്രത്തെ അന്യഥാകരിക്കുകയല്ല അതിനെ സങ്കീർണ്ണമാക്കുകയാണ് ചെയ്തത്. - വിശദീകരിക്കുക.
2. പുരോഗമന സാഹിത്യ പ്രസ്ഥാനത്തെപ്പറ്റിയുള്ള കുറ്റിപ്പുഴയുടെ അഭിപ്രായം സംഗ്രഹിക്കുക.
3. ഭാഷാകവിതയെക്കുറിച്ചുള്ള സി. പി. അച്യുതമേനോന്റെ കാഴ്ചപ്പാടെന്ത് ? വിശദീകരിക്കുക.
4. ആധുനിക സംസ്കാരത്തിന്റെ രണ്ടു സവിശേഷതകളായ ശാസ്ത്രീയ വീക്ഷണവും മനുഷ്യവർഗ്ഗ പ്രേമവും വൈലോപ്പിള്ളിക്കവിതകളുടെ സവിശേഷതകളാണ്.- പരിശോധിക്കുക.
5. വി. കെ. എൻ. സൃഷ്ടിക്കുന്ന ചിരിയുടെ താപം, സമ്മർദ്ദം, ഊർജ്ജ പ്രസരണം ഇവയെല്ലാം നാം ഇതുവരെ പരിചയപ്പെട്ട മലയാള ഫലിതങ്ങളിൽ നിന്ന് വ്യത്യസ്തമാണ് എന്ന കെ. പി. അപ്പന്റെ അഭിപ്രായം പരിശോധിക്കുക.

**II.** നാല് പുറത്തിൽ കവിയാതെ ഉത്തരങ്ങളെഴുതുക. **(5×6=30)**

6. (എ) കേരളവർമ്മ വലിയ കോയിത്തമ്പുരാന് മലയാള വിമർശനത്തിന്റെ പിതൃസ്ഥാനം കല്പിച്ചുകൊടുക്കുന്നത് ശരിയാണോ? കേരളവർമ്മയുടെയും സി. പി. അച്യുതമേനോന്റെയും വിമർശന രീതികളെ താരതമ്യപ്പെടുത്തി ചർച്ച ചെയ്യുക.

P.T.O.

അല്ലെങ്കിൽ

(ബി) സാഹിത്യ വിമർശനം സാംസ്കാരിക പഠനമാകുന്നത് എങ്ങനെ?

7. (എ) ധർമ്മരാജയിലെ ഗ്രന്ഥകാര ഭാഷ മലയാളമാണെന്നു സമ്മതിക്കാൻ തരമില്ല എന്ന സ്വദേശാഭിമാനിയുടെ വിലയിരുത്തലിന് അടിസ്ഥാനമെന്ത്? വിശദീകരിക്കുക.

അല്ലെങ്കിൽ

(ബി) ഇക്കാലത്തെ കവിതാഗതി നോക്കുമ്പോൾ ഇതൊരു പുതിയ പ്രസ്ഥാനമാണെന്നതിനു സംശയമില്ല. നളിനീ കാവ്യത്തെക്കുറിച്ചുള്ള ഏ. ആർ. രാജരാജവർമ്മയുടെ ഈ അഭിപ്രായം ചരിത്രദൃഷ്ട്യാ പരിശോധിക്കുക.

8. (എ) ഈ വക കാര്യങ്ങൾ കാണുമ്പോൾ ചില പഴയ ക്ഷേത്രങ്ങളിൽ ഇപ്പോഴും നടന്നുവരാറുള്ള 'നെടുങ്കുതിര' കെട്ടിയെടുപ്പാണ് ഓർമ്മയിൽ വരുന്നത്. ഏത് കാവ്യത്തെയാണ് കുമാരനാശാൻ ഇവിടെ വിമർശിക്കുന്നത്? അതിന് അടിസ്ഥാനമെന്ത്? വിശദീകരിക്കുക.

അല്ലെങ്കിൽ

(ബി) ലീല ഭർത്തൃ ഘാതിനിയാണെന്ന് സ്ഥാപിക്കാൻ കുട്ടിക്കൃഷ്ണ മാരാർ നിരത്തുന്ന ന്യായവാദങ്ങൾ വിമർശനദൃഷ്ട്യാ പരിശോധിക്കുക.

9. (എ) സ്പന്ദിക്കുന്ന അസ്ഥിമാട' ത്തിന്റെ അവതാരികയിൽ കേസരി അവതരിപ്പിക്കുന്ന മനഃശാസ്ത്ര വിശകലന സമ്പ്രദായത്തെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(ബി) അഹന്തയെ കീഴ്പ്പെടുത്തുന്നതിലൂടെ മാത്രമേ ഒരു ലോകത്ത് ഇന്ദ്രിയവ്യാമോഹങ്ങൾക്കപ്പുറം കടന്ന് തന്റെ ഉന്നതമായ ലക്ഷ്യം സഫലീകരിക്കാനാവൂ എന്ന് 'കളിയച്ഛൻ' എന്ന കവിത സാക്ഷ്യപ്പെടുത്തുന്നു. ശരിയോ? ചർച്ച ചെയ്യുക.

10. (എ) നഗരം പൊരുത്തപ്പെടാൻ എളുപ്പമല്ലാത്ത ഒരു വൈരുദ്ധ്യമായി, നൈസർഗികതകളെ ഞെരിച്ചുകളയുന്ന ഒരു വൈകൃതമായി അക്കിത്തത്തിന്റെ പല കവിതകളിലും ഉയിർത്തു നിൽക്കുന്നു എന്ന കെ. പി. ശങ്കരന്റെ അഭിപ്രായം പരിശോധിക്കുക.

അല്ലെങ്കിൽ

(ബി) ഇടശ്ശേരിക്കവിതയിലെ ഈണങ്ങളും ഉപമകളും ബിംബങ്ങളും ഗ്രാമീണ കാർഷിക ജീവിതവുമായി രക്തബന്ധം പുലർത്തുന്നവയാണ്. - ചർച്ച ചെയ്യുക.



III. ആറുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (3×10=30)

11. (എ) പൂതപ്പാട്ടിലെ നങ്ങേലിയുടെവിജയം ആസുരതയ്ക്കുമേൽ മാതൃത്വത്തിന്റെ വിജയമായും കൗശലത്തിനുമേൽ ധീര സത്യസന്ധതയുടെ വിജയമായും കാണാം. - ചർച്ച ചെയ്യുക.

അല്ലെങ്കിൽ

ബി) ആർ. വിശ്വനാഥൻ ആറ്റൂരിന്റെ 'മേഘരൂപൻ' എന്ന കവിതയെ ശൈലീവിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ അപഗ്രഥിക്കുന്നതെങ്ങനെ? - വിശദീകരിക്കുക.

12. (എ) മനുഷ്യ മനസ്സിന്റെ പ്രവചനാതീതമായ ഗതിഭേദങ്ങളും സങ്കല്പാതീതമായ വിതാനങ്ങളും വെളിപ്പെടുത്തുന്ന നോവലാണ് സേതുവിന്റെ അടയാളങ്ങൾ. - വിലയിരുത്തുക.

അല്ലെങ്കിൽ

(ബി) പ്രാചീന കവികൾ അവരവരുടെ കാലത്തിന്റെ കൈയ്യിൽ ഏറെക്കുറെ കളിപ്പന്തുകളായിരുന്നു. സമകാലിക സാമൂഹിക മര്യാദക ളുടെ പിടിയിൽ നിന്നും കുതറിച്ചാടുവാൻ അത്രയൊന്നും അവർക്ക് സാധിച്ചിട്ടില്ല. മുണ്ടശ്ശേരി ഇങ്ങനെ അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട്? വിശദീകരിക്കുക.

13. (എ) ദ്രാവിഡ സൗന്ദര്യ ശാസ്ത്രത്തിന്റെ കാതലായ തത്ത്വം തിണസങ്കല്പനമാണ് - വിശദീകരിക്കുക.

അല്ലെങ്കിൽ

(ബി) പ്രാസവാദത്തെ ഒരു സാഹിത്യ സംവാദമെന്ന നിലയിൽ പരിചയപ്പെടുത്തുക.

---